## മധുരമായ കുട്ടികളേ, നിങ്ങൾക്കിപ്പോൾ ദിവ്യദൃഷ്ടി ലഭിച്ചിരിക്കുകയാണ് - നിങ്ങൾ കുട്ടികൾക്കറിയാം ഈ പഴയലോകം അവസാനിക്കുകയാണ്, അതുകൊണ്ട് ഇതിനോടുള്ള മമത്വം വിടണം, പൂർണ്ണമായും ബലിയർപ്പിക്കണം.

**ചോദ്യം:** അവിനാശി ബാബയിൽ പൂർണ്ണമായും ബലിയർപ്പണമായ കുട്ടികളുടെ അടയാളമെന്തായിരിക്കും?
**ഉത്തരം:** അവർ അവരുടെ ധനം മുതലായവ വ്യർത്ഥമായ കാര്യങ്ങൾക്കായി ചിലവഴിക്കുകയില്ല. ഭക്തി മാർഗ്ഗത്തിൽ ദീപാവലി മുതലായ അവസരത്തിൽ എത്ര പടക്കങ്ങളാണ് പൊട്ടിക്കുന്നത്. അല്പകാലത്തെ സന്തോഷം ആഘോഷിക്കുന്നു. നിങ്ങൾ കുട്ടികൾക്കറിയാം ഇതെല്ലാം സമയ നഷ്ടം, ധനനഷ്ടം, ഊർജ്ജ നഷ്ടമാണ്. ഇവിടെ നിങ്ങൾക്ക് അങ്ങിനെയുള്ള സന്തോഷം ആഘോഷിക്കേണ്ടതില്ല കാരണം നിങ്ങൾ വനവാസത്തിലാണ്. നിങ്ങൾക്ക് ഈ മുൾക്കാട്ടിൽ നിന്നും പുഷ്പങ്ങളുടെ ലോകത്തിലേയ്ക്ക് പോകണം.

**ഗീതം:** അങ്ങയെ ലഭിച്ച ഞങ്ങൾക്ക് . . . . . . . .

**ഓം ശാന്തി.** മധുര-മധുരമായ കുട്ടികൾക്ക് പാട്ടിന്റെ അർത്ഥം മനസ്സിലായി. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അച്ഛനെ ലഭിച്ചു, അച്ഛൻ നിങ്ങൾക്ക് സഹായം നൽകുന്നു, 5 വികാരങ്ങളുടെ മുകളിൽ വിജയിക്കുന്നതിന് അതായത് മായയുടെ മുകളിൽ വിജയിച്ച് വിശ്വവിജയികളാകുന്നതിന്. ജഗത്ത് എന്നു പറയുന്നത് മുഴുവൻ വിശ്വത്തിനേയുമാണ്. കുട്ടികൾ മനസ്സിലാക്കുകയാണ് നാം മുഴുവൻ വിശ്വത്തിന്റേയും അധികാരിയാകുന്നവരാണ്. എപ്പോൾ അധികാരിയാകും? എപ്പോൾ രാവണരാജ്യം പൂർത്തിയാകുന്നുവോ അപ്പോൾ. രാവണനെ വർഷ-വർഷം കത്തിക്കുന്നു എന്തെന്നാൽ സംഗമയുഗത്തിൽ ബാബ വന്ന് നമ്മൾ ആത്മാക്കളുടെ ദീപം തെളിയിച്ച് സത്യയുഗത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ദസറക്കു ശേഷം ദീപാവലി സമയത്ത് മനുഷ്യർ വളരെ നല്ല നല്ല വസ്ത്രങ്ങൾ ധരിക്കുന്നു. പ്രത്യേകിച്ച് ലക്ഷ്മി-നാരായണൻ, രാധ-കൃഷ്ണൻ, ദേവിമാരുടേയും ക്ഷേത്രങ്ങളിൽ പോകുന്നു. എന്നാൽ ദേവിമാരുടേയും ലക്ഷ്മി-നാരായണനേയും അറിയുകയേയില്ല. ദേവിമാരാണ് ശിവ ശക്തികൾ, ബ്രാഹ്മണിമാർ. ദേവിമാരുടെ കൈകളിൽ അസ്ത്ര ശസ്ത്രങ്ങൾ കാണിക്കുന്നു. വാസ്തവത്തിൽ ദേവിമാരുടെ കൈകളിൽ യാതൊരു അസ്ത്ര ശസ്ത്രങ്ങളുമില്ല. അത് ഗുപ്തമാണ്. രാവണനുമേൽ വിജയം പ്രാപ്തമാക്കുമ്പോൾ നിങ്ങൾക്ക് അരക്കല്പത്തേയ്ക്കുള്ള സുഖ സന്തോഷം നിശ്ചിതമാകുന്നു. ഇപ്പോൾ നിങ്ങൾ സന്തോഷം ആഘോഷിക്കുകയില്ല. ഇത് ദീപാവലിയൊന്നുമല്ല കാരണം ഇന്ന് ദീപം തെളിയിക്കുന്നു, നാളെ അണയുന്നു. ഓരോ വർഷവും ദസറയും ആഘോഷിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ ബ്രാഹ്മണർ നിങ്ങളുടെ വീടുകളിൽ ദീപങ്ങളൊന്നും കത്തിക്കുന്നില്ല. ക്ഷേത്രങ്ങളിലൊക്കെയാണെങ്കിൽ ദീപങ്ങൾ, വൈദ്യുത ലൈറ്റുകൾ എന്നിവ തെളിയിക്കുന്നു. മനുഷ്യർക്കറിയുകയില്ല ദീപാവലിയും, ദസറയും എന്താണെന്ന്. ആ സമയം ഭാരതം തന്നെ പുതിയതാകുന്നു. ദീപങ്ങൾ തെളിയിക്കുക എന്നുള്ളതെല്ലാം ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങളാണ്. ഭക്തിമാർഗ്ഗത്തിൽ എത്ര ധനമാണ് വ്യർത്ഥമാക്കിക്കളയുന്നത്. ആ ദിവസം പടക്കങ്ങൾ മുതലായവയും പൊട്ടിക്കുന്നു. സമയത്തെ വ്യർത്ഥമാക്കുന്നു, ധനത്തെ വ്യർത്ഥമാക്കുന്നു, ഊർജ്ജത്തെയും വ്യർത്ഥമാക്കിക്കൊണ്ടിരിക്കുകയാണ്. ഇത് മുൾക്കാടാണ്. എല്ലാവരും കാടന്മാരായി മാറിയിരിക്കുകയാണ്. നിങ്ങളും മുമ്പെ അങ്ങിനെത്തന്നെയായിരുന്നു, ഒന്നും അറിഞ്ഞിരുന്നില്ല. സത്യയുഗത്തിൽ ഒന്നും അനാവശ്യമായി ചിലവഴിക്കുകയില്ല, ഇവിടെയാണെങ്കിൽ എല്ലാം വ്യർത്ഥമാക്കിക്കളയുകയാണ്. ദാന പുണ്യങ്ങൾ ചെയ്യുന്നതിലൂടെയും അല്പകാല പ്രാപ്തികളാണ് ലഭിക്കുന്നത്. നിങ്ങൾ കുട്ടികൾക്കറിയാം നാം സ്വയം അവിനാശിയായ ബാബയിൽ ബലിയർപ്പിതരായിരിക്കുകയാണ്. പഴയ ശരീരത്തെ ഉപേക്ഷിച്ച് പുതിയതെടുക്കുകയാണ്. നിങ്ങൾ കുട്ടികൾ മോഹത്തെ ജയിച്ച രാജാവിന്റെ കഥ കേട്ടിട്ടുണ്ടല്ലോ. ആ കഥ സത്യയുഗത്തെക്കുറിച്ചുള്ളതല്ല, എന്തുകൊണ്ടെന്നാൽ അവിടെ അകാലമരണങ്ങളുണ്ടാകുന്നില്ല. ഇത് ഉദാഹരണാർത്ഥം കഥയുണ്ടാക്കിയിരിക്കുകയാണ് ആ സമയത്ത് എല്ലാവരും നഷ്ടോമോഹ, അതായത് മോഹത്തെ ജയിച്ചവരായിരുന്നു. ശരീര സഹിതം പഴയ ലോകത്തോട് മമത്വമില്ലാതെയാകണം കാരണം നിങ്ങൾ പുതിയ ലോകത്തേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. പഴയ ലോകത്തോട് ആർക്കെങ്കിലും സ്നേഹമുണ്ടാകുമോ? ഇതിനെയാണ് പരിധിയില്ലാത്ത സന്യാസമെന്ന് പറയപ്പെടുന്നത്. ബാബ കേവലം ശരീരത്തോട് മമത്വം വെക്കരുതെന്നു പറയുകയല്ല. എന്തെല്ലാമാണോ ഈ കണ്ണുകൾ കൊണ്ടുകാണുന്നത് സർവ്വതിനേയും മറക്കൂ, കാരണം നിങ്ങൾക്കിപ്പോൾ ദിവ്യദൃഷ്ടി ലഭിച്ചിരിക്കുകയാണ്, എല്ലാം തന്നെ അവസാനിക്കാൻ പോകുകയാണ്. പഴയ ലോകം വിനാശം പ്രാപിച്ചിരിക്കുകയാണ്, ഇപ്പോൾ വീണ്ടും

പുതിയ ലോകം സ്ഥാപിക്കപ്പെടും. ശിവബാബ നമുക്ക് രാജ്യം നൽകുകയാണ്. ശിവ ബാബയുടെ പേര് സദാ ശിവനെന്നുതന്നെയാണ് കാരണം ബാബക്ക് തന്റേതായ ശരീരം തന്നെയില്ല. ബ്രഹ്മാവ്, വിഷ്ണു, ശങ്കരൻ മുതലായവർക്കെല്ലാം അവരവരുടെ ശരീരമുണ്ട്. ശിവൻ സർവ്വതിനുമുപരിയാണ്. അമര നാഥൻ അമരന്മാരായി മാറാനുള്ള കഥ കേൾപ്പിക്കുകയാണ്, അമര ലോകത്തിലേയ്ക്ക് കൊണ്ടു പോകാൻ. നിങ്ങൾ കുട്ടികളിപ്പോൾ പുഷ്പ സമാനമായിക്കൊണ്ടിരിക്കുകയാണ്. മുള്ളുകളെ പുഷ്പമാക്കി മാറ്റുന്നതിന് പരിശ്രമം ആവശ്യമാണ്. ഇവിടെയാണെങ്കിൽ എല്ലാവരും മുള്ളുകളാണ്. അന്യോന്യം കുത്തിക്കൊണ്ടേയിരിക്കുകയാണ്. അതുകൊണ്ട് ബാബ പറയുകയാണ് നിങ്ങളിപ്പോൾ ആരേയും ദുഃഖിപ്പിക്കരുത്. കാമവികാരത്തിൽ പോകരുത്. ഈ കാമ വികാരം ആദി-മദ്ധ്യ-അന്ത്യത്തിൽ ദുഃഖം നൽകുന്നു. ആരെയെങ്കിലും വധിക്കുകയാണെങ്കിൽ ആത്മാവ് പോകുന്നു. ഇവിടെയാണെങ്കിൽ ജന്മ-ജന്മാന്തരം ദുഃഖിതരായിരിക്കുകയാണ്. ബാബ പറയുകയാണ് നിങ്ങളിപ്പോൾ കാമവികാരത്തിനടിമയാകരുത്.

ഇപ്പോൾ ദസറ ആഘോഷിച്ചുകൊണ്ടിരിക്കുകയാണ്, പിന്നീട് ദീപാവലി വരുന്നു. സത്യയുഗത്തിൽ ദീപാവലി ആഘോഷിക്കുകയില്ല. അവിടെ സ്വയം ലക്ഷ്മിയാണ് രാജ്യം ഭരിക്കുന്നത്, എങ്കിൽ അവരുടെ പൂജ ചെയ്യുകയില്ലല്ലോ. മനുഷ്യർക്ക് ക്ഷേത്രങ്ങളിലുള്ള ദേവതകളുടെ മഹിമയൊന്നുമറിയുകയില്ല. നിങ്ങൾ കുട്ടികൾ രൂപ്- ബസന്ത് ആണ്. ബാബ പറയുകയാണ് ഞാനും ശരീരമെടുത്തിരിക്കുകയാണ്. എന്നാൽ എന്റെ ശരീരം ധാരണ ചെയ്യുന്ന രീതി വ്യത്യസ്തമാണ്. ഇപ്പോൾ നിങ്ങൾക്ക് ദീപാവലിയുടെ സന്തോഷമൊന്നുമില്ല കാരണം നിങ്ങൾ വനവാസത്തിലാണ്. നമ്മൾ അച്ഛന്റെ വീട്ടിൽ നിന്ന് അമ്മായിഅച്ഛന്റെ വീട്ടിലേയ്ക്ക് പോകുകയാണ്. ബാബ നിർദ്ദേശമയച്ചിരുന്നു, 108 തുന്നിക്കൂട്ടലുള്ള വസ്ത്രം ധരിക്കൂ, എങ്കിൽ ദേഹാഭിമാനമില്ലാതെയാകും. ഈ സമയത്ത് നിങ്ങൾ മുള്ളുകളുടെ ലോകത്തിൽ നിന്ന് പുഷ്പത്തിന്റെ ലോകത്തിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. പറയാറുണ്ട്, എഴുതുകയും പഠിക്കുകയും ചെയ്താൽ നവാബായി മാറാൻ കഴിയും. ബാബ പറയുകയാണ് ഞാൻ നിങ്ങളെ നരനിൽ നിന്ന് നാരായണനാക്കി മാറ്റുകയാണ്, അതുകൊണ്ട് പുരുഷാർത്ഥം ചെയ്യണം. ഞാൻ നിങ്ങളെ പഠിപ്പിക്കുകയാണെങ്കിൽ പിന്നെ എന്തിനാണ് പദവിയെ മോശമാക്കുന്നത്? എന്തുകൊണ്ടാണ് മാതാ-പിതാവിനെ അനുഗമിക്കാത്തത്? ബാബ സാക്ഷാൽക്കാരവും ചെയ്യിച്ചിരുന്നു ആരാണോ നല്ലരീതിയിൽ പഠിക്കുന്നത് അവർ ഉയർന്ന കുലത്തിൽ വരുമെന്ന്. നിങ്ങൾക്കറിയാം നാം സ്വർഗ്ഗവാസിയാകുന്നതിന് പഠിക്കുകയാണ്. മനുഷ്യർ കരുതുകയാണ് മരിച്ചാൽ സ്വർഗ്ഗവാസിയാകുമെന്ന്. നിങ്ങൾക്കറിയാം ബാബ തന്നെ വന്നാണ് സ്വർഗ്ഗത്തിലേയ്ക്ക് കൊണ്ടു പോകുന്നത്, രാവണൻ പിന്നീട് നരകവാസിയാക്കി മാറ്റുന്നു. മനുഷ്യർ പറയുകയാണ് ഇന്ത്യയും ചൈനയും സഹോദരങ്ങളാണ്, പിന്നീട് അന്യോന്യം ദുഃഖവും നല്കിക്കൊണ്ടിരിക്കുന്നു. നിങ്ങൾ കുട്ടികൾക്കറിയാം മാതാ-പിതാവിൽ നിന്ന് അളവറ്റ സുഖം ലഭിച്ചുകൊണ്ടിരിക്കുകയാണ്. പിന്നീട് പതുക്കെ പതുക്കെ കലകൾ കുറഞ്ഞു പോകുന്നു. പറയാറുണ്ട് ഉയരുന്ന കലകൊണ്ട് സർവ്വരുടേയും നന്മ ഭവിക്കുന്നു . . .. എങ്കിലിപ്പോൾ സർവ്വരുടേയും നന്മ ഭവിക്കുകയാണ്. ചിലർ നരകത്തിൽ നിന്ന് വന്ന് സ്വർഗ്ഗവാസിയായി മാറുന്നു, ചിലർ ശാന്തി ധാം നിവാസികളായി മാറുന്നു, അങ്ങിനെയാണെങ്കിൽ നല്ലതല്ലേ. സത്യയുഗത്തിൽ ദുഃഖം നൽകുന്ന ഒരു വസ്തുവുമുണ്ടാകുകയില്ല. വലിയ ആൾക്കാരുടെ ഫർണീച്ചറെല്ലാം വളരെ നല്ലതായിരിക്കും. അവിടെ ദുഃഖം തരുന്ന മൃഗങ്ങളുമുണ്ടാകുകയില്ല, അതിനെ *ഹെവൻ* എന്നു പറയപ്പെടുന്നു. അള്ളാഹു അവൽദീനിന്റെ ഡ്രാമയിൽ ഞൊടിയിടക്കുള്ളിൽ രാജ പദവി ലഭിക്കുന്നതായി കാണിക്കുന്നു. അതായത് അള്ളാഹുവായ ബാബ അവൽദീൻ അഥവാ ആദി സനാതന ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു. എങ്കിൽ ബാബ സെക്കന്റിൽ വൈകുണ്ഠത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ബാബ അവൽദീനിന്റെ സാക്ഷാൽക്കാരം ചെയ്യിക്കുന്നു. എന്നാൽ സാക്ഷാൽക്കാരം വേണമെന്ന് കുട്ടികൾ ബാബയോട് ആവശ്യപ്പെടുകയുമരുത്. ബാബ പറഞ്ഞിട്ടുണ്ട് ധ്യാനിയെക്കാളും പ്രിയപ്പെട്ടത് ജ്ഞാനിയാണെന്ന്. ധ്യാനത്തിൽ മായ പ്രവേശിക്കുന്നു. ജ്ഞാനത്തിൽ മായ വരികയില്ല. ആരാണോ കഠിന ഭക്തി ചെയ്യുന്നത് അവർക്ക് ബാബ സാക്ഷാൽക്കാരം ചെയ്യിപ്പിക്കുന്നു. ഇവിടെയാരും കഠിന ഭക്തി ചെയ്യുന്നില്ല. ചെറിയ ചെറിയ കുട്ടികൾക്ക് സാക്ഷാൽക്കാരം ലഭിക്കുന്നു. ഇവിടെയാണെങ്കിൽ പറയുകയാണ് ധ്യാനത്തിന്റെ ശീലമുണ്ടായാൽ പിന്നെ പഠിക്കുകയില്ല. തുടക്കത്തിൽ എത്ര പേരാണ് ധ്യാനത്തിൽ പോയി പ്രോഗ്രാമുകൾ കൊണ്ടു വന്നിരുന്നത്. എന്നാൽ ഇന്ന് അവരൊന്നും ഇല്ല. ജ്ഞാനി ആത്മാവിന് ഒരു കാര്യത്തിലും സംശയം വരില്ല, സംശയം വന്ന് പഠനം ഉപേക്ഷിക്കുക അർത്ഥം ബാബയുടെ കൈ വിട്ടു എന്നാണ്. ഇപ്പോൾ സൂര്യവംശി ദേവി-ദേവതകളുടെ രാജധാനി സ്ഥാപനമായിക്കൊണ്ടിരിക്കുകയാണ്. മറ്റു മത സ്ഥാപകർ രാജധാനിയൊന്നും സ്ഥാപിക്കുന്നില്ല, അവരുടെ മതത്തിന്റെ വൃദ്ധിയുണ്ടാകുമ്പോളാണ് രാജ ഭരണം നടക്കുന്നത്. ഇപ്പോൾ നിങ്ങൾ വിശ്വത്തിന്റെ അധികാരികളായി മാറിക്കൊണ്ടിരിക്കുകയാണ്. ആരെങ്കിലും പുതിയവർ വരികയാണെങ്കിൽ അവരോട് ചോദിക്കൂ - പരമപിതാ പരമാത്മാവുമായി നിങ്ങൾക്ക് എന്താണ് സംബന്ധം? അവർ പറയും അച്ഛനാണ്. ബാബ സ്വർഗ്ഗം സ്ഥാപിച്ചുകൊണ്ടിരിക്കുകയാ

ണ്, രാവണൻ നരകമാക്കി മാറ്റുന്നു, ആരാണോ സ്വർഗ്ഗം സ്ഥാപിക്കുന്നത് അദ്ദേഹത്തെ പൂജിക്കുന്നു, ആരാണോ നരകമാക്കി മാറ്റുന്നത് അദ്ദേഹത്തെ കത്തിക്കുന്നു, കാരണം നരകത്തിൽ മനുഷ്യർ കാമചിതയിൽ കത്തുകയാണ്, അതുകൊണ്ട് ദേഷ്യം വന്ന് രാവണനെ കത്തിക്കുകയാണ്. എന്നാൽ രാവണൻ കത്തുന്നില്ല. കേവലം പറയുക മാത്രമാണ് പരമ്പരയായി നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ പരമ്പരയുടെ അർത്ഥവും അറിയുകയില്ല. ശത്രുവിന്റെ കോലം കത്തിക്കാറുണ്ട്. രാവണനെ എന്തിനാണ് കത്തിക്കുന്നത്? എന്തുകൊണ്ടെന്നാൽ രാവണൻ നിങ്ങളെ കത്തിക്കുന്നു. നിങ്ങൾ രാവണനെ കത്തിക്കുന്നു, പക്ഷെ മനുഷ്യർക്ക് ഒന്നും തന്നെ അറിയുകയില്ല. സത്യയുഗത്തിലാണെങ്കിൽ സമ്പൂർണ്ണ നിർവികാരികളാണ്, അവിടെ രാവണനെ കത്തിക്കുകയില്ല. അതിനെ പറയുന്നതു തന്നെ വികാര രഹിത ലോകമെന്നാണ്, നമ്മൾ സ്വർഗ്ഗത്തിലേക്ക് പോകുന്നതിനുവേണ്ടി ബാബയിൽ നിന്ന് സ്വർഗ്ഗത്തിന്റെ സമ്പത്തെടുത്തുകൊണ്ടിരിക്കുകയാണ്. ശാപം നൽകുന്നത് രാവണനാണ്. രാവണൻ എന്ന് ആരെയാണ് പറയുന്നത്? സ്ത്രീയുടെ 5 വികാരങ്ങളേയും പുരുഷന്റെ 5 വികാരങ്ങളേയും. സത്യയുഗത്തിൽ ഈ വികാരങ്ങളുണ്ടായിരുന്നില്ല. സന്യാസികൾ വരുന്നത് പിന്നീടാണ്. ഇപ്പോളാണെങ്കിൽ ദേവതാ ധർമ്മം തന്നെയില്ല. അത് വീണ്ടും സ്ഥാപനമായിക്കൊണ്ടിരിക്കുകയാണ്. 108–ന്റെ മാല ഉണ്ടായിക്കൊണ്ടിരിക്കുയാണ്, എങ്കിൽ പ്രജകളും വേണമല്ലോ. ജയ്പൂരിലെ ഒരു രാജാവുണ്ടായിരുന്നു, പ്രജകളെത്രയായിരുന്നു. ഇപ്പോൾ മാല ഉണ്ടായിക്കൊണ്ടിരിക്കുകയാണ്, പ്രജകളും വേണമല്ലോ. ആരാണോ ഇവിടെ വന്ന് കുട്ടിയായി മാറി പിന്നീട് ബാബയുടെ കൈ വിട്ടുപോകുന്നത്, അവർ താഴ്ന്ന പ്രജകളായി മാറുന്നു. പറയുന്നുമുണ്ട് ഗൃഹസ്ഥവ്യവഹാരത്തിലിരുന്ന് ജീവൻമുക്തി വേണമെന്ന്. ജീവൻമുക്തിയിൽ ഒരാൾ മാത്രമാകുകയില്ലല്ലോ. മുഴുവൻ കുടുംബവുമുണ്ടാകുമല്ലോ. അഷ്ടാവക്ര ഗീതയിൽ സെക്കന്റിൽ ജീവൻമുക്തി ലഭിച്ചു എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ എങ്ങിനെ ലഭിച്ചു? അത് അറിയുകയുമില്ല. ആദി സനാതന ദേവീ–ദേവതാ ധർമ്മം വളരെ സുഖം നൽകുന്നതാണ്. രാജപദവി ലഭിക്കുകയാണെങ്കിൽ എന്തുകൊണ്ട് നമ്മൾ ശ്രീമതപ്രകാരം നടക്കാതിരിക്കണം! എന്തുകൊണ്ട് കമല പുഷ്പസമാനമായിക്കൂടാ! നിങ്ങൾ ബ്രാഹ്മണരല്ലേ. എങ്കിൽ ശംഖ്, ചക്രം, ഗദാ, പത്മം എല്ലാം നിങ്ങളുടെ പക്കലാണ്.

മനുഷ്യർ ദീപാവലി അവസരത്തിൽ കേവലം ഒരു ദിവസം പുതിയ വസ്ത്രങ്ങൾ ധരിക്കുന്നു. കൃഷ്ണ ജന്മാഷ്ടമി അവസരത്തിൽ പുതിയ വസ്ത്രങ്ങൾ ധരിക്കുന്നില്ല, ദീപാവലി അവസരത്തിൽ ധരിക്കുന്നു, – എല്ലാം പുതിയത്. ആ ദിവസം കച്ചവടക്കാരും തന്റെ പഴയ കണക്കു പുസ്തകങ്ങൾ മാറ്റി പുതിയവ തുടങ്ങുന്നു. നിങ്ങളിപ്പോൾ പഴയ കണക്കുകളവസാനിപ്പിച്ച് പുതിയത് തുടങ്ങുകയാണ്. ബാബ ലാഭമാണ് ഉണ്ടാക്കുന്നത്, രാവണൻ നഷ്ടം വരുത്തിവെക്കുന്നു. എങ്ങിനെ ലാഭമുണ്ടാകും? മൻമനാഭവഃ, മദ്ധ്യാജി ഭവഃ. വിഷ്ണു മദ്ധ്യത്തിലാണല്ലോ. മദ്ധ്യാജി ഭവഃ അർത്ഥം ബാബ ബ്രഹ്മാവിലൂടെ വിഷ്ണുപുരിയുടെ സ്ഥാപന ചെയ്യുന്നു. എങ്കിൽ പഴയ ലോകത്തിന്റെ വിനാശവും നടക്കുന്നു. അങ്ങിനെയാണെങ്കിൽ ശിവ ബാബ കലിയുഗത്തിന്റെ അന്ത്യത്തിൽ വരുന്നു, പിന്നീടാണ് സത്യയുഗം തുടങ്ങുന്നത്. എഴുതപ്പെട്ടിട്ടുമുണ്ട് ബ്രഹ്മാവിലൂടെ സ്ഥാപനയെന്ന്. ബ്രഹ്മാവ് പ്രജാപിതാവാണല്ലോ. എങ്കിൽ നിങ്ങൾ ആരുടെ കുട്ടികളാണ്? ശിവന്റെയാണോ അതോ ബ്രഹ്മാവിന്റെയാണോ? പറയാറുമുണ്ടല്ലോ നീ തന്നെയാണ് മാതാവും, പിതാവും . . . ശരിക്കും പ്രാക്ടിക്കലായി മാതാ–പിതാവ് ഇപ്പോളാണ്. പഠനം പഠിച്ച് സമ്പത്തെടുത്തുകൊണ്ടിരിക്കുകയാണ്. പിന്നീട് രാവണൻ വന്ന് ദുഃഖിതരാക്കി മാറ്റുന്നു. ദുഃഖവും പതുക്കെപ്പതുക്കെയാണ് വർദ്ധിക്കുന്നത്. വിഷയസാഗരമെന്നു പറയുന്നത് ഈ കലിയുഗത്തെയാണ്. സത്യയുഗം ക്ഷീരസാഗരമാണ്. വിഷ്ണുവിനെ ക്ഷീരസാഗരത്തിലാണ് കാണിക്കുന്നത്. നിങ്ങൾക്കെല്ലാം നല്ല രീതിയിൽ അറിയാം – അവർക്കെന്തറിയാം ദസറയെന്താണ്, ദീപാവലിയെന്താണ് . . നമുക്ക് രഹസ്യം മനസ്സിലായി. അറിയാം ഇന്നലെ നാം സ്വർഗ്ഗത്തിലായിരുന്നു, ഇപ്പോൾ നരകത്തിലാണ്. വീണ്ടും നാളെ സ്വർഗ്ഗത്തിലായിരിക്കും. നാളെയെന്ന് എന്തുകൊണ്ടാണ് പറയുന്നത്? കാരണം രാത്രിക്കു ശേഷം പകൽ വരുന്നു. ആരെങ്കിലും വന്നാൽ അവരോട് ചോദിക്കൂ, ഈ ആശ്രമം ആരുടേതാണ്? പേര് കേട്ടിട്ടില്ലേ പ്രജാപിതാ ബ്രഹ്മാവെന്ന്? ഇത്രയും ബ്രഹ്മാകുമാരന്മാരും കുമാരികളുമുണ്ടെങ്കിൽ ബ്രഹ്മാവ് അച്ഛനല്ലേ. ബാബയിൽ നിന്ന് സമ്പത്താണ് ലഭിക്കുക. ബാബ പറയുകയാണ് – എന്നെ ഓർമ്മിക്കൂ, എങ്കിൽ മദ്ധ്യാജി ഭവയായി ഭവിക്കും. ബാബ കച്ചവടത്തിനെ നിരോധിക്കുന്നില്ല. ബാബ പറയുകയാണ് കച്ചവടം നടത്തിക്കൊള്ളൂ, പക്ഷെ ബാബയുടെ ഓർമ്മയിലും ഇരിക്കൂ എന്തുകൊണ്ടെന്നാൽ ബാബയിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്. ഇത് നല്ലകാര്യമല്ലേ. മറ്റു സ്ഥലങ്ങളിൽ ഭാഗ്യമൊന്നുമുണ്ടാകുന്നില്ല. സ്കൂളുകളിലും ഭാഗ്യമുണ്ട്, അതുകൊണ്ടാണ് പറയുന്നത് *സ്റ്റുഡൻസ് ലൈഫ് ഈസ് ദി ബെസ്റ്റ്.* ഇത് പരിധിയില്ലാത്ത പഠനമാണ്. പരിധിയില്ലാത്ത *ഹിസ്റ്ററിയും ജോഗ്രഫിയും* നിങ്ങൾക്കറിയാം. സ്കൂളുകളിൽ പോയി പറഞ്ഞുകൊടുക്കൂ എന്താണ് പരിധിയില്ലാത്ത *ഹിസ്റ്ററിയും ജോഗ്രഫി*യുമെന്ന്. അവരോട് പറയണം നിങ്ങൾ പരിധിയുള്ള *ഹിസ്റ്ററിയും ജോഗ്രഫിയുമാ*ണ് പഠിപ്പിക്കുന്നത്. ഞങ്ങൾ നിങ്ങൾക്ക് പരിധിയില്ലാത്ത *ഹിസ്റ്ററിയും ജോഗ്ര*

*ഫി*യും പറഞ്ഞുതരാം അതായത് ലക്ഷ്മി നാരായണൻ എങ്ങിനെയാണ് ആ പദവി പ്രാപ്തമാക്കിയത്. മുന്നോട്ടു പോകുമ്പോൾ നിങ്ങൾക്ക് കോളേജുകളിൽ നിന്നും ക്ഷണം ലഭിക്കും. ഇത് ഈശ്വരീയ വിശ്വ വിദ്യാലയമാണ്. അത് *സ്പിരിച്വൽ ഫാദറാണ്*. അതുകൊണ്ട് ആത്മാക്കൾക്ക് സ്പിരിച്വൽ ജ്ഞാനം നൽകുകയാണ്. നിരാകാരൻ സാകാരത്തിൽ വന്നാണ് പഠിപ്പിക്കുന്നത്. ഇതിൽ കൃഷ്ണന്റെ കാര്യമൊന്നുമില്ല. ഒരു കാര്യത്തേയും മനസ്സിലാക്കുന്നില്ല. ബുദ്ധി കെട്ടുപിണഞ്ഞിരിക്കുകയാണ്. സ്വതന്ത്രമായിരിക്കാൻ ആഗ്രഹിക്കുന്നു, എന്നാൽ വഴക്കുകൾ വർദ്ധിക്കുകയാണ്. പറയുന്നുമുണ്ട് സ്വാതന്ത്ര്യം വേണം. സത്യം സത്യമായ സ്വാതന്ത്ര്യം നിങ്ങൾക്കാണ് ലഭിക്കുന്നത് രാവണനിൽ നിന്ന്. ഭാരതവാസികൾ കരുതുകയാണ് നമ്മൾ ക്രിസ്റ്റ്യൻസിൽ നിന്ന് സ്വതന്ത്രരായി, എന്നാൽ എവിടെയാണ് സ്വാതന്ത്ര്യം? *ഫ്രീഡം* നിങ്ങൾക്കാണ് ലഭിക്കുന്നത്, സ്വതന്ത്ര രാജ്യം. പാട്ടു കേട്ടുവല്ലോ, അങ്ങയെ ലഭിച്ചപ്പോൾ ഭൂമിയും ആകാശവും സമുദ്രവും എല്ലാം ഞങ്ങളുടേതായി. അതിൽ പരിധികളില്ല. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം –**

1. മാതാ–പിതാവിനെ പൂർണ്ണമായും ഫോളോ ചെയ്ത് പഠനത്തിൽ ഉയർന്ന പദവി പ്രാപ്തമാക്കണം. ഈ ലോകത്തിൽ യാതൊരു താല്പര്യവും വെക്കരുത്. വനവാസത്തിൽ കഴിയണം.

2. ഈ കണ്ണുകൾകൊണ്ട് എന്തെല്ലാം കാണുന്നുവോ അവയെ കണ്ടുകൊണ്ടും കാണരുത്. സംഗമയുഗത്തിൽ ഒന്നും തന്നെ വ്യർത്ഥമാക്കിക്കളയരുത്.

## വരദാനം:–തന്റെ കർത്തവ്യത്തിന്റെ സ്മൃതിയിലൂടെ സേവനത്തിന്റെ ഫലവും ബലവും പ്രാപ്തമാക്കുന്ന വിശ്വമംഗളകാരിയായി ഭവിക്കട്ടെ.

ഏതൊരു കർമ്മം ചെയ്തുകൊണ്ടും തന്റെ കർത്തവ്യം ഒരിക്കലും മറക്കരുത്. പാണ്ഡവർ ഗുപ്തവേഷത്തിൽ ജോലി ചെയ്തു പക്ഷെ വിജയത്തിന്റെ ലഹരിയുണ്ടായിരുന്നു. അതേപോലെ താങ്കൾ ഗവണ്മെന്റ് ജോലിക്കാരാകാം, ജോലി ചെയ്യുന്നുണ്ട് പക്ഷെ ലഹരിയുണ്ടായിരിക്കണം, ഞാൻ വിശ്വമംഗളകാരിയാണ് , എങ്കിൽ ഈ സ്മൃതിയിലൂടെ സ്വതവേ ശക്തിശാലിയായിരിക്കാം, മാത്രമല്ല സദാ സേവാഭാവമുള്ളത് കാരണം സേവനത്തിന്റെ ഫലവും ബലവും കിട്ടിക്കൊണ്ടിരിക്കും. മഹിമയുണ്ട് ഭാവനയുടെ ഫലം ലഭിക്കുമെന്ന്, എങ്കിൽ താങ്കളുടെ സേവാഭാവന അനേകാത്മാക്കൾക്ക് ശാന്തിയുടെയും ശക്തിയുടെയും ഫലം നൽകും.

## സ്ലോഗൻ:– ഈശ്വരീയ വിദ്യാർത്ഥി സ്വരൂപം സദാ സ്മൃതിയിൽ വെക്കൂ എങ്കിൽ മായക്ക് വരാൻ സാധിക്കില്ല.